# കേരള സർവകലാശാല

നം.പി.ആർ.243/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2018 ജനുവരി/മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് (ഗ്രൂപ്പ് 2 (ബി) ബി.ബി.എ 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2015, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 21 വരെ അപേക്ഷിക്കാം.

### കെ മാറ്റ് പരീക്ഷ

കേരളത്തിലെ എല്ലാ സർവകലാശാലകളിലേക്കും, സർവകലാശാലകളുടെ കീഴിലുള്ള കോളേജുകളിലേക്കും എം.ബി.എ. പ്രവേശനത്തിന് അർഹത നേടുന്നതിനുള്ള പ്രവേശന പരീക്ഷയായ കെ മാറ്റ് കേരള, 2019 ഫെബ്രുവരി 17 ന് നടത്തുന്നു. അപേക്ഷകൾ നവംബർ 2 വൈകിട്ട് 5 മണി മുതൽ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2019 ജനുവരി 31. ജനറൽ വിഭാഗത്തിന് 1000 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 750 രൂപയുമാണ് അപേക്ഷാഫീസ്. അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷാഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും kmatkerala.in എന്ന വെബ്സൈറ്റിലും 0471–2335133, 8547255133 എന്നീ നമ്പറുകളിലും ലഭ്യമാണ്.

### പ്രാക്ടിക്കൽ പരീക്ഷ

2018 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 19, 21, 22, 24 എന്നീ തീയതികളിൽ സെന്റ് മൈക്കിൾസ് കോളേജ് ചേർത്തലയിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

ഡിസംബർ 4 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം ഡിഗ്രി പരീക്ഷകൾക്ക് (റെഗുലർ – 2016 അഡ്മിഷൻ, സപ്ലിമെന്ററി – 2013, 2014 & 2015 അഡ്മിഷൻ) പിഴ കൂടാതെ നവംബർ 13 വരെയും 50 രൂപ പിഴയോടെ 16 വരെയും 125 രൂപ പിഴയോടെ 21 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ഒന്നും, മൂന്നും സെമസ്റ്റർ ബി.ടെക് (2008 സ്കീം) പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 7 മുതൽ ആരംഭിക്കുന്നു. പരീക്ഷയ്ക്ക് പിഴ കൂടാതെ നവംബർ 14 വരെയും 50 രൂപ പിഴയോടെ നവംബർ 16 വരെയും 125 രൂപ പിഴയോടെ നവംബർ 19 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# ക്വിസ് മൽസരം

ദേശീയ ലൈബ്രറി വാരാഘോഷത്തോടനുബന്ധിച്ച് സർവകലാശാലാ ലൈബ്രറിയിൽ നവംബർ 15 ന് രാവിലെ 11 മണിക്ക് ലൈബ്രറി അംഗങ്ങൾക്കായി വായന-സാഹിത്യം-സംസ്കാരം-ആനുകാലികം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്വിസ് മൽസരം നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ രണ്ട് പേരുള്ള ടീമായി നവംബർ 14 ന് 1 മണിക്ക് മുൻപായി പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471 – 2308844, 9995702805.

തിരുവനന്തപുരം.
07.11.2018



പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098